DESPATCHED
On..08/06/2020..
17.3.20.

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 720*(7)/2014*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *3903/എസ്.ഐ.സി-ജി 6/14*

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.റ്റി.ഒ.ഹെൻട്രി
താന്നിപ്പള്ളി ഹൗസ്, റ്റി.സി.3/1439/1
ലക്ഷ്മി നഗർ, പട്ടം
തിരുവനന്തപുരം
} പരാതി ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സൂപ്രണ്ട്-ഹെൽത്ത് വിഭാഗം
കോർപ്പറേഷൻ ഓഫീസ്
തിരുവനന്തപുരം
2. അപ്പീൽ അധികാരി
ഹെൽത്ത് ഓഫീഗക്ത ഗ്രേഡ്-1
ഹെൽത്ത് വിഭാഗം
തിരുവനന്തപുരം നഗരസഭ
} എതിർകക്ഷികൾ

## ഉത്തരവ്

2014ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയാണിത്. ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾക്കും വിവരങ്ങൾക്കും 5 വർഷത്തോളം പഴക്കമുണ്ട്. ടി പരാതി ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ടെന്നാണ്.

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 15.11.2019 ന് കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരത്ത് വച്ചു നടത്തിയ ഹിയറിംഗിൽ ഹാജരാകുവാൻ എസ്.പി.ഐ.ഒയ്ക്ക് നോട്ടീസ് നൽകുകയും

ടിയാൻ ഹാജരാകുകയും അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ, ഹർജിക്കാരൻ, ഒന്നാം എതിർകക്ഷിയ്ക്കു നൽകിയ അപേക്ഷയിൽ ടിയാന്റെ വീടിനു സംഭവിച്ച നാശനഷ്ടങ്ങൾക്ക് നഗരസഭ നഷ്ടപരിഹാരം നൽകണമെന്നാണ്. എന്നാൽ നഷ്ടപരിഹാരം നൽകുന്ന നടപടികൾ വിവരാവകാശ നിയമപരിധിയിൽ വരുന്നതല്ലെന്നും, ഹർജിക്കാരന്റെ പരാതിയിൽ സ്ഥലപരിശോധന നടത്താൻ താമസം വരുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം തേടിയെന്നും, കർശന താക്കീത് നൽകിയെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ടെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ നൽകിയ പരാതിക്കും അപ്പീലിനും സമയബന്ധിതമായി മറുപടി നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികളാവശ്യമില്ലെന്ന് കണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM



res